**#TBMoviePanel** - ലോക സിനിമകൾ

Film : Mulan
Language : English
Generes : Action,Family
Director : Niki Caro

പ്രതിസന്ധികളിൽ നിന്ന് കരകേറ്റാൻ രാജകുമാരനെ കാത്തിരിക്കുന്ന രാജകുമാരിയുടെ കഥയല്ല മുലാൻ. ദുരന്തങ്ങളെയും വെല്ലുവിളികളേയും അതിജീവിച്ച് സ്വന്തമായി പുതിയ വഴി വെട്ടിയൊരുക്കി, ഫീനിക്സ് പക്ഷിയെ പോലെ ഉയർന്നു വന്ന ഒരു ഗ്രാമീണ പെൺകുട്ടിയുടെ കഥയാണിത്. യഥാർത്ഥത്തിൽ നടന്നതാണ് എന്ന് അവകാശപ്പെടുന്ന, ചൈനീസ് നാടോടി കഥയായ 'The Ballard of Mulan' എന്ന കഥയെ അടിസ്ഥാനമാക്കി Disney ഒരുക്കിയ ഏറ്റവും പുതിയ ചിത്രമാണ് മുലാൻ.

ചൈനീസ് സാമ്രാജ്യത്തിന് ബോറിസ് ഖാന്റെ നേതൃത്വത്തിലുള്ള റൌറൻ സേനയുടെ ആക്രമണം നേരിടേണ്ടി വന്നതിനെ തുടർന്ന്, സൈന്യം കൂടുതൽ ശക്തമാക്കാൻ എല്ലാ ഗ്രാമത്തിലേയും കുടുംബങ്ങളിൽ നിന്ന് ഒരു പുരുഷ പ്രജയെ സൈന്യത്തിലേക്ക് അയക്കാൻ രാജാവ് ഉത്തരവിടുന്നു. ഹ്വാ മുലാന്റെ കുടുംബത്തിൽ പുരുഷനായി, കാലിന് പരിക്ക് പറ്റിയ മുൻ സൈനികൻ കൂടിയായ അച്ഛൻ മാത്രമാണ് ഉണ്ടായിരുന്നത്. അഭിമാനിയായ അദ്ദേഹം യുദ്ധത്തിന് പോകാൻ തയാറാകുന്നു. ഇനി അദ്ദേഹം തിരിച്ചു വരില്ല എന്ന സത്യം അമ്മ രണ്ട് പെൺ മക്കളോടും തുറന്നു പറയുന്നു. അന്ന് രാത്രി ആരോടും ഒന്നും പറയാതെ പിതാവിന്റെ പടച്ചട്ടയും കുടുംബത്തിന്റെ വാളുമായി മുലാൻ പുരുഷ വേഷത്തിൽ സൈന്യസേവനത്തിനു പുറപ്പെടുന്നു.. ത്രസിപ്പിക്കുന്ന ഒരുപാട് രംഗങ്ങൾ കൊണ്ടു മുലാൻ നമ്മളെ വിസ്മയപ്പെടുത്തുന്നു.ഇതിലെ ആക്ഷൻ രംഗങ്ങൾ, കുതിരയോട്ടം, വാൾ പയറ്റ് ഇവയെല്ലാം ഡ്യൂപ് ഉപയോഗിക്കാതെ യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നതും ഇതിൽ മുലാൻ ആയി എത്തുന്ന Yifei Liu തന്നെയാണ്.

ഏകദേശം 1500കോടി രൂപ ചിലവിൽ Disney നിർമിച്ച ഈ ബിഗ് ബഡ്ജറ്റ് ചിത്രം, ഒരു സ്ത്രീ (നിക്കി കാരോ) സംവിധാനം ചെയ്ത ഏറ്റവും ചിലവ് കൂടിയ സിനിമയായും അറിയപ്പെടുന്നു. Covid19 പ്രതിസന്ധി കാരണം മുലാൻ OTT platform ലൂടെ ആണ് Disney ക്ക് കൂടുതൽ രാജ്യങ്ങളിലും റിലീസ് ചെയ്യാൻ കഴിഞ്ഞത്.